**കേരള സർക്കാർ**

നമ്പർ.198/ഡി.ബി.1/17/തസ്വഭവ

തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്
തിരുവനന്തപുരം, തീയതി: 28/06/2017.

പ്രിൻസിപ്പൽ സെക്രട്ടറി

1) പ്രസിഡന്റ്,
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ, അഹമ്മദ് കുരിക്കൾ,
പഞ്ചായത്ത് ഭവൻ, വെള്ളയമ്പലം പി.ഒ., തിരുവനന്തപുരം- 695 033.

2) ജനറൽ സെക്രട്ടറി,
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ, അഹമ്മദ് കുരിക്കൾ,
പഞ്ചായത്ത് ഭവൻ, വെള്ളയമ്പലം പി.ഒ., തിരുവനന്തപുരം- 695 033.

3) എല്ലാ ജില്ലാ/ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റുമാർക്കും/ജനറൽ സെക്രട്ടറിമാർക്കും (കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ മുഖേന)

4) പ്രസിഡന്റ്/സെക്രട്ടറി,
മുനിസിപ്പൽ ചെയർമാൻസ് ചേമ്പർ, വഴുതക്കാട്, തിരുവനന്തപുരം.

5) എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ &
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ.

6) പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

7) നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

സർ,

വിഷയം:- തസ്വഭവ - ലൈഫ് മിഷൻ - ലൈഫ് മിഷന്റെ ഗുണഭോക്തൃപട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ - 12.06.2017 ന് ചർച്ച - സംബന്ധിച്ച്.

സൂചന:- ബഹു തസ്വഭവകുപ്പ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 12/06/201-ന് ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ബഹു തദ്ദേശ സ്വയംഭരണ വകുപ്പ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 12/06/201-ന് ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പിന്റെ പകർപ്പ് അറിവിലേയ്ക്കും അനന്തരനടപടികൾക്കുമായി ഇതോടൊപ്പം അയയ്ക്കുന്നു. കൂടാതെ ലൈഫ് മിഷന്റെ പൂർണ്ണ യോഗം, ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജൂലൈ ആദ്യ ആഴ്ചയിൽ കൂടുന്നതിനാൽ 12/06/2017-ൽ കൂടിയ യോഗത്തിലെ തീരുമാനങ്ങൾ ചർച്ച ചെയ്ത് അന്തിമമാക്കാൻ സാധിച്ചിട്ടില്ലായെന്നും ലൈഫ് മിഷൻ യോഗം കൂടി അപ്പീൽ മാനദണ്ഡങ്ങൾ

എത്രയും വേഗം പ്രസിദ്ധീകരിക്കുന്നതാണ് എന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,
എൻ കെ ചന്ദ്ര,
അണ്ടർ സെക്രട്ടറി,
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കു വേണ്ടി.

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

പകർപ്പ്: 1) തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

2) തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്.

## ലൈഫ് മിഷൻെറ തുടർപ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിനായി 12/06/2017-ൽ വിളിച്ചു ചേർത്തിട്ടുള്ള യോഗത്തിൻെറ മിനിറ്റ്സ്

ബഹു തദ്ദേശ സ്വയംഭരണ മന്ത്രിയുടെ അധ്യക്ഷതയിൽ 12.06.2017-ന് സെക്രട്ടറിയേറ്റ് നോർത്ത് കോൺഫറൻസ് ഹാളിൽ 2.00 മണിക്ക് യോഗം ആരംഭിച്ചു. യോഗത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപന പ്രസിഡന്റ്മാരുടെ സംഘടനാ ഭാരവാഹികളും ലൈഫ് മിഷൻ C.E.O-യും പങ്കെടുത്തു. ഹാജർ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.

ലൈഫ് മിഷൻ സർവ്വേ വെരിഫിക്കേഷൻ പൂർത്തിയാകുകയും പൂർണ്ണവിവരങ്ങൾ MIS ഡാറ്റാഎൻട്രി നടത്തുകയും ചെയ്യപ്പോൾ ആകെ 12,45,172 പേരെ സർവേ ചെയ്യതായി ബഹു. മന്ത്രി ആമുഖമായി പറഞ്ഞു. അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ, അപ്പീൽ സംബന്ധിച്ച മാർഗരേഖയുടെ അന്തിമമാക്കൽ, പൊതുജന പങ്കാളിത്തം ഉറപ്പാക്കൽ, പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കാനുള്ള സർക്കുലർ എന്നിവ ചർച്ച ചെയ്യുക എന്നതാണ് യോഗത്തിൻെറ പ്രധാന ലക്ഷ്യമെന്നു ബഹു. മന്ത്രി വ്യക്തമാക്കി. ജൂൺ ഇരുപതാം തിയതിയോടു കൂടി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ലിസ്റ്റ് ലഭ്യമാക്കത്ത രീതിയിലുള്ള സംവിധാനം ഒരുക്കുമെന്ന് CEO യോഗത്തെ അറിയിച്ചു. ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുകയും ചുവടെ പ്രതിപാദിക്കും വിധം നടപടിക്രമങ്ങൾ പാലിക്കുന്നതിന് തീരുമാനിക്കുകയുമുണ്ടായി.

### അജണ്ട I - ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ

1. ആദ്യ വർഷത്തിൽ ഒൻപതു ക്ലേശഘടകങ്ങളിൽ ഒന്നോ അതിൽ കൂടുതലോ ക്ലേശഘടകങ്ങൾ ഉള്ള കുടുംബങ്ങൾക്കായിരിക്കും പ്രഥമ പരിഗണന.
2. തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ഒരു കമ്മിറ്റി ഫോർ സ്ക്രൂട്ടിനി ആൻഡ് അപ്പീൽ (A Committee for Appeal and Scrutiny) രൂപീകരിക്കേണ്ടതും അതിൽ

തദ്ദേശസ്വയംഭരണ സ്ഥാപന പ്രസിഡന്റ്/ ചെയർമാൻ/മേയർ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, കൂടാതെ മറ്റൊരു മെമ്പർ കൂടി അംഗം ആകേണ്ടതുമാണ്. പഞ്ചായത്തിൽ സെക്രട്ടറി/അസി.സെക്രട്ടറി, നഗരസഭയിൽ സെക്രട്ടറി/PA to സെക്രട്ടറി/സൂപ്രണ്ട് (II or III ഗ്രേഡ് മുനിസിപ്പാലിറ്റി), കോർപ്പറേഷനിൽ അഡീഷണൽ സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി, കൺവീനർ പദവി വഹിക്കേണ്ടതുമാണ്.

3. കുടുംബശ്രീ നൽകുന്ന കരട് പട്ടിക പ്രസിദ്ധീകരിക്കുന്നതിന് മുമ്പായി പ്രസ്തുത കമ്മിറ്റി പരിശോധിച്ച് അർഹതയുള്ളവരുടെ ലിസ്റ്റിൽ ഏതെങ്കിലും അനർഹർ ഉണ്ട് എന്ന് ബോധ്യപ്പെടുന്ന പക്ഷം അവരെ ഒഴിവാക്കി (ഈ ഘട്ടത്തിൽ ഒഴിവാക്കിയവരുടെ പട്ടികയിൽ നിന്നോ, സർവ്വേ ചെയ്യാത്തവരുടെ ഇടയിൽ നിന്നോ പുതിയ ഗുണഭോക്താവിനെ കൂട്ടിച്ചേർക്കരുത്) പ്രസിദ്ധീകരിക്കേണ്ടതാണ്. ഇവരെ ഒഴിവാക്കിയ ഗുണഭോക്താക്കളുടെ കൂട്ടത്തിൽ പ്രസിദ്ധീകരിക്കേണ്ടതും ആയതിന് കാരണം രേഖപ്പെടുത്തേണ്ടതുമാണ്.
4. കരട് പട്ടിക പ്രസിദ്ധീകരിച്ച് തുടർനടപടി സ്വീകരിക്കുന്നതിന് ഒരു സമയക്രമം നിശ്ചയിച്ച് തീരുമാനിച്ചു.

ഗുണഭോക്താക്കളുടെ പട്ടിക തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് നൽകൽ - 20.06.2017

പട്ടിക പരിശോധിച്ച് അനർഹരെ ഒഴിവാക്കി മലയാളത്തിൽ പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കൽ - 30.06.2017

അപ്പീൽ സ്വീകരിക്കുന്ന അവസാന തീയതി - 10.07.2017

അപ്പീൽ പരിശോധിച്ച് പട്ടിക പ്രസിദ്ധീകരിക്കുന്ന തീയതി - 15.07.2017

ജില്ലാ കളക്ടർക്ക് അപ്പീൽ നൽകാവുന്ന തീയതി - 16.07.2017-22.07.2017

ജില്ലാ കലക്ടർ അപ്പീൽ പരിശോധിച്ച് തീർപ്പാക്കി, പട്ടിക തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് നൽകുന്ന തീയതി - 29.07.2017

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പട്ടിക പ്രസിദ്ധീകരിക്കുന്ന തീയതി - 30.07.2017

ഗ്രാമസഭ/വാർഡ് സഭ കൂടേണ്ട ദിവസങ്ങൾ - 01.08.2017 - 10.08.2017

പട്ടിക തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ അംഗീകരിച്ച് പ്രസിദ്ധീകരിക്കുന്ന തീയതി - 15.08.2017

5. പ്രസ്തുത സമയക്രമം ലൈഫ് മിഷൻ യോഗത്തിലേക്ക് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.
6. ഗ്രാമസഭ ഒരു ദിവസം മൂന്ന് മാത്രമേ ആകാവൂ എന്ന നിബന്ധന വേണ്ട എന്ന് തീരുമാനിച്ചു.
7. വാർഡ്/ഗ്രാമസഭയിൽ വരുന്ന പരാതികൾ സെക്രട്ടറി പരിശോധിച്ച് വ്യക്തമായ ശുപാർശയോടു കൂടി വീണ്ടും വാർഡ് സഭയിൽ വയ്ക്കുന്നതിനും, അംഗീകരിച്ച പട്ടിക പഞ്ചായത്ത്/നഗരസഭ കമ്മിറ്റിയുടെ അംഗീകാരത്തിന് സമർപ്പിക്കാനും തീരുമാനിച്ചു.
8. ഭവനമില്ലാത്തവരെ മാത്രമാണ് ഈ പട്ടികയിൽ പരിഗണിക്കുന്നത് എന്നും, പൂർത്തിയാകാത്ത ഭവനമുള്ളവരെയും വാസയോഗ്യമല്ലാത്ത ഭവനമുള്ളവരെയും ഈ പ്രക്രിയയിൽ പരിഗണിക്കേണ്ടതില്ല എന്നും വ്യക്തമായ നിർദ്ദേശം അപ്പീൽ മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചു.
9. മുകളിൽ സൂചിപ്പിച്ച ഭേദഗതികളോടെ അപ്പീൽ മാർഗ്ഗരേഖ അംഗീകരിച്ച് തീരുമാനിച്ചു.

## അജണ്ട II - പൂർത്തീകരിക്കാത്ത ഭവനങ്ങൾക്കുള്ള ധനസഹായം

വിവിധ സർക്കാർ പദ്ധതികളിൽ ആനുകൂല്യം ലഭ്യമായിട്ടും പൂർത്തിയാക്കാൻ സാധിക്കാത്ത ഗുണഭോക്താക്കൾക്ക് പൂർത്തിയാക്കുന്നതിനുള്ള (ആനുപാതിക വർധനവ്) ധനസഹായം നൽകാവുന്നതാണ്. ഭവന നിർമ്മാണത്തിന് അനുവദിച്ച തുക/പൂർത്തീകരിച്ച ഘട്ടം പരിഗണിച്ച് ലൈഫ് മിഷൻ നിശ്ചയിക്കുന്ന യൂണിറ്റ് നിരക്കിന്റെ ബാക്കി നൽകുന്നതിന് താഴെ ചേർത്തിട്ടുള്ള മാനദണ്ഡം പാലിക്കാവുന്നതാണ്.

| ഘട്ടം | ഓരോ ഘട്ടത്തിനും അനുവദിക്കുന്ന തുക (ശതമാനത്തിൽ) | പഴയ നിരക്കിൽ അനുവദിച്ച തുക (ഏകദേശം) (ശതമാനത്തിൽ) | പുതിയ നിരക്കിൽ അനുവദിക്കാവുന്ന തുക (ശതമാനത്തിൽ) |
|---|---|---|---|
| Basement | 10% | 10% | 90% |
| Lintel Level | 40% | 50% | 50% |
| Roof Level | 5% | 55% | 45% |
| Roof | 25% | 80% | 20% |
| Completed | 20% | 100% | 0% |
| Total | 100% | | |

പൂർത്തിയാക്കാത്ത ഭവനങ്ങളുടെ ലിസ്റ്റ് പല കുറി ആവശ്യപ്പെട്ടിട്ടും 563 തദ്ദേശ സ്ഥാപനങ്ങൾ മാത്രമേ ആയത് ലഭ്യമാക്കിയിട്ടുള്ളു എന്ന് CEO യോഗത്തിൽ അറിയിച്ചു. ജൂൺ 20-നകം ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാമെന്ന് യോഗം ഉറപ്പ് നൽകി. ഓരോ ബ്ലോക്ക് അടിസ്ഥാനത്തിലും പൂർത്തിയാകാത്ത വീടുകൾ പരിശോധിച്ച് സാങ്കേതിക എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി TPTA-കളെ empanel ചെയ്തിട്ടുണ്ട് എന്ന വിവരവും യോഗത്തെ അറിയിച്ചു. എമ്പാനൽ ചെയ്ത ലിസ്റ്റ് യോഗത്തിൽ ബഹു. മന്ത്രി അവതരിപ്പിച്ചു.

ധനവിനിയോഗവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപന പ്രസിഡന്റ്മാരുടെ സംഘടനാ ഭാരവാഹികൾ താഴെ പറയുന്ന വിഷയങ്ങളിൻമേൽ യോഗത്തിൽ സ്പഷ്ടീകരണം ആവശ്യപ്പെടുകയുണ്ടായി.

- പദ്ധതിയുടെ 25 ശതമാനം തുക വായ്പയുടെ തിരിച്ചടവിനായും 20 ശതമാനം തുക ലൈഫ് മിഷൻ പ്രവർത്തനങ്ങൾക്കായും മാറ്റിവച്ചാൽ വളരെയധികം ബുദ്ധിമുട്ട് നേരിടുമെന്നും ബാക്കി നിർബന്ധിത നീക്കിയിരിപ്പ് കൂടി കണക്കിലെടുത്താൽ ഫലത്തിൽ പദ്ധതി താളം തെറ്റുന്ന അവസ്ഥയാകുമെന്നും യോഗത്തിൽ അഭിപ്രായമുയർന്നു.
- നിലവിലെ നിയമപ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാൻറ് ഭവന പദ്ധതികൾക്ക് ഉപയോഗിക്കുവാൻ പാടില്ല. ഇതും ഫലത്തിൽ വളരെയധികം ബുദ്ധിമുട്ട് തദ്ദേശ സ്ഥാപനങ്ങളിൽ ഉണ്ടാക്കുന്നതായി യോഗത്തിൽ അഭിപ്രായമുയർന്നു .
- വാർഷിക പദ്ധതിയിൽ ചിലവാക്കാൻ കഴിയാത്ത തുക മുഴുവൻ ലൈഫ് പദ്ധതിയിലേക്ക് മാറ്റാമെന്ന് പറയുന്നെങ്കിലും അത്തരത്തിൽ തുക ലഭ്യമാകില്ല എന്ന് ചർച്ച ഉണ്ടായി. കൂടാതെ വസ്തു ലഭ്യമല്ലാത്ത തദ്ദേശ സ്ഥാപനങ്ങളിൽ പുതുതായി വസ്തു വാങ്ങുന്നതിന് വേണ്ടി വരുന്ന തുക, സമുച്ചയ നിർമാണത്തിനായി വരുന്ന 20 ശതമാനം വിഹിതം, എന്നിവയെല്ലാം സാമ്പത്തിക ബാധ്യത വർദ്ധിപ്പിക്കുന്നതായി പ്രതിനിധികൾ അഭിപ്രായപ്പെട്ടു.
- ലൈഫ് മിഷന്റെ ധനസമാഹരണത്തിനായി പൊതുജനങ്ങളിൽ നിന്നും സംഭാവനകൾ സ്വീകരിക്കുന്നതിലേക്കും CSR വിഹിതം സമാഹരിക്കുന്നതിനും ആവശ്യമായ പ്രചരണം സംസ്ഥാന തലത്തിൽ നിന്നും ഉണ്ടാകണമെന്ന ആവശ്യമുയർന്നു.
- സംഭാവനകൾ സ്വീകരിക്കുമ്പോൾ പാലിക്കേണ്ട മാനദണ്ഡങ്ങളെ സംബന്ധിച്ച് ഉത്തരവ് ലഭ്യമാക്കണമെന്നും ആവശ്യം ഉയർന്നു.

ധനവിനിയോഗം സംബന്ധിച്ച് ഉന്നയിച്ച വിഷയങ്ങൾ വളരെ പ്രാധാന്യം അർഹിക്കുന്നതും ധനവകുപ്പിന്റെ കൂടെ അനുമതി ആവശ്യമുള്ളതാണെന്നും ബഹു. മന്ത്രി മറുപടി നൽകി. പ്രസ്തുത വിഷയങ്ങളിന്മേൽ സ്പഷ്ടീകരണം വരുത്തുന്നതിലേക്കായി ധനകാര്യ വകുപ്പുമായി ചർച്ച ചെയ്ത് നടപടികൾ സ്വീകരിക്കാൻ CEO-യെ ചുമതലപ്പെടുത്തി.

CRZ മേഖലയിൽ ഭവന നിർമ്മാണം നടത്തുന്നതിന് നിലവിൽ വളരെയധികം ബുദ്ധിമുട്ട് നേരിടുന്നതായി യോഗ പ്രതിനിധികൾ അറിയിക്കുകയുണ്ടായി. ലഭ്യമായ അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിനായി ഒരു അദാലത്ത് സംഘടിപ്പിക്കുവാൻ തീരുമാനിച്ചു.

ലൈഫ് മിഷൻ മാർഗ്ഗരേഖ, പൊതുജന പങ്കാളിത്ത മാർഗ്ഗരേഖ, പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കാനുള്ള മാർഗ്ഗരേഖ എന്നിവ അംഗീകരിച്ച് തീരുമാനിച്ചു.

അപ്പീൽ നടപടികൾ സംബന്ധിച്ച ഉത്തരവ് രണ്ട് ദിവസത്തിനുള്ളിൽ നൽകുന്നതാണ് എന്ന് ബഹു. മന്ത്രി അറിയിച്ചു. ഓരോ ജില്ലയിലും തദ്ദേശസ്വയംഭരണ സ്ഥാപന പ്രസിഡന്റ്മാരുടെ സംഘടന എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന പ്രസിഡന്റ്മാരുടെടെയും യോഗം വിളിച്ച് ഈ യോഗത്തിലെ മുഴുവൻ നിർദ്ദേശങ്ങളും വിശദീകരിക്കണമെന്നും തീരുമാനിച്ചു.

യോഗം 4.00 മണിക്ക് അവസാനിച്ചു.

അനുബന്ധം - 1

യോഗത്തിൽ പങ്കെടുത്തവർ

1. .ബഹു : ഡോ : കെ.റ്റി .ജലീൽ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി.

.2. ശ്രീ. സി.എസ്. രഞ്ജിത്ത്, ബഹു. മുഖ്യമന്ത്രിയുടെ വികസന ഉപദേഷ്ടാവ്

3.ശ്രീ .എസ് .ഹരി കിഷോർ ,സി.ഇ.ഒ. ലൈഫ് മിഷൻ& എക്സിക്യൂട്ടീവ് ഡയറക്ടർ കുടുംബശ്രീ

4. ശ്രീ. അനിൽ, ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അഡിഷണൽ പ്രൈവറ്റ് സെക്രട്ടറി

5 .ശ്രീ. രതീശൻ. വി, ഡയറക്ടർ, പഞ്ചായത്ത് , തദ്ദേശ സ്വയംഭരണ വകുപ്പ്

6..ശ്രീ . ഡി രാജീവ്കുമാർ, ഫിനാൻസ് ഓഫീസർ, അർബൻ അഫയർസ്

7 .ശ്രീ. ബിനു ഫ്രാൻസിസ് , പ്രോഗ്രാം ഓഫീസർ, കുടുംബശ്രീ

8 ശ്രീ. ജോയ് എലമൺ, ഡയറക്ടർ, KILA

9. ശ്രീ .സനൽകുമാർ, ജെ ഡി സി , ഗ്രാമ വികസന വകുപ്പ്

10. ശ്രീ. വഞ്ചിയൂർബാബു, ചെയർമാൻ, തിരുവനന്തപുരം നഗരസഭ

11. ശ്രീമതി. ശൈല സലിം ലാൽ, പ്രസിഡന്റ് , പ്രസി; അസോസ്സിയേഷൻ, കൊല്ലം

12.ശ്രീ.കെ..എ.ജലീൽ, പ്രസിഡന്റ് പ്രസി; അസോസ്സിയേഷൻ കാസർഗോഡ്

13.ശ്രീ.എ.ഉദയകുമാർ.സെക്രട്ടറി,പ്രസി; അസോസ്സിയേഷൻഎറണാകുളം

14. ശ്രീ. എ കെ ചന്ദ്രൻമാസ്റ്റർ സെക്രട്ടറി,പ്രസി; അസോസ്സിയേഷൻ,കണ്ണൂർ.

15.ശ്രീ. ടി .സത്യൻ, സെക്രട്ടറി,പ്രസി; അസോസ്സിയേഷൻ

16. ശ്രീ. അഡ്വ.ഉളസി,പ്രസിഡന്റ്,കെ ജി.പി.എ

17. ശ്രീ. എച്ച്.നിയാസ്. സ്റ്റേറ്റ് സെക്രട്ടറി , കെ ജി പി എ

18. ശ്രീ. വി വി രമേശൻ,ചെയർമാൻ,മുന്സിപ്പൽചേംബർസ്.

19. ശ്രീ.എം എ രാജഗോപാൽ,പുനലൂർ മുനിസിപ്പൽ ചെയർമാൻ

20. ശ്രീ. ഡി .പ്രിയേഷ് കുമാർ. പ്രസിഡന്റ് ,പ്രസി; അസോസ്സിയേഷൻആലപ്പുഴ

21. ശ്രീ. ജി .വേണു ലാൽ, പ്രസിഡന്റ്,അമ്പലപ്പുഴ സൗത്ത്

22. ശ്രീ. സി. സി. വിപിൻചന്ദ്രൻ,ചെയർമാൻ,കാട്ടങ്ങല്ലൂർനഗര സഭ

23. ശ്രീ. കെ .ദേവദാസ്. പ്രസിഡന്റ് ,പ്രസി; അസോസ്സിയേഷൻതിരുവനന്തപുരം ജില്ല

24. ശ്രീ. സാബു കെ ജേക്കബ്,സെക്രട്ടറി,ചെയർമാൻേചംബർസ് ,

25. ശ്രീമതി. ഗ്രേസി ജോസഫ്, ചെയർപേഴ്സൺ

26. ശ്രീ .കെ.ബി.മദൻമോഹൻ, സി ഇ സി,കെ ജി പി എ

27. ശ്രീ. കെ.രാമചന്ദ്രൻ, സെക്രട്ടറി,പ്രസി: അസോസ്സിയേഷൻ,തിരുവനന്തപുരം ജില്ല

28 ശ്രീ. രാജു കട്ടക്കയം, സെക്രട്ടറി,പ്രസി; അസോസ്സിയേഷൻ,കാസറഗോഡ് ജില്ല

29. ശ്രീ. നജീബ് മുഹമ്മദ്, പ്രസി; അസോസ്സിയേഷൻ,കൊല്ലം ജില്ല

30. ശ്രീ .സുമാവലി മോഹൻദാസ്, സെക്രട്ടറി,പ്രസി; അസോസ്സിയേഷൻ,പാലക്കാട്ട ജില്ല